**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4726** **02-07-2024 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ മണ്ഡലത്തിൽ ജലജീവൻ പദ്ധതിയുടെ ഭാഗമായി കുടിവെള്ള ടാങ്ക് സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലജീവൻ പദ്ധതിയുടെ ഭാഗമായി കോട്ടക്കൽ മണ്ഡലത്തിൽ മാറാക്കര പഞ്ചായത്തിലെ മലയിൽഭാഗത്ത് കുടിവെള്ളം ശേഖരിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമായി കുടിവെള്ള ടാങ്ക് സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (എ) | ജല ജീവൻ മിഷൻ പദ്ധതിയിൽ കുറ്റിപ്പുറം, തിരുന്നാവായ, ആതവനാട്, മാറാക്കര പഞ്ചായത്തുകൾക്കു വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ 40 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജല സംഭരണി നിർമ്മിക്കുന്ന പ്രവൃത്തിക്കായി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് 31.10.2023 ന് കരാറുകാരന് പ്രവൃത്തി ഉത്തരവ് നൽകിയിട്ടുള്ളതാണ്. പണിക്ക് ഉദ്ദേശിച്ച സ്ഥലം ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കാമെന്ന് അറിയിച്ചിരുന്നെങ്കിലും നാളിതുവരെയായി സ്ഥലം ലഭ്യമായിട്ടില്ലാത്തതിനാൽ പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത സ്ഥലത്ത് കുടിവെള്ള ടാങ്ക് സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമായിട്ടുണ്ടോ; അതിനായി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് അറിയിക്കുമോ? | (ബി) | 40 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജല സംഭരണി നിർമ്മിക്കുന്നതിന് ഇതുവരെ സ്ഥലം ലഭ്യമായിട്ടില്ല. പ്രസ്തുത ടാങ്ക് നിർമ്മിക്കുന്നതിനായി തിരൂർ താലൂക്കിലെ ആതവനാട് പഞ്ചായത്തിലെ മലയിൽ പ്രദേശത്ത് സ്വകാര്യ വ്യക്തിയുടെ കൈവശമുള്ള 60 സെന്റ് ഭൂമിയാണ് തീരുമാനിച്ചിട്ടുള്ളത്. വാല്യൂവേഷൻ നിരക്കിനേക്കാൾ കൂടുതൽ തുക ഭൂവുടമ ആവശ്യപ്പെട്ടതിനാലും, ഭൂവുടമ നിരക്ക് കുറയ്ക്കാൻ തയ്യാറാവാത്തതിനാലും വാട്ടർ അതോറിറ്റിക്ക് അടിയന്തിരമായി ഭൂമി ലഭ്യമാകേണ്ടതിനാൽ ലാന്റ് അക്വിസിഷൻ നിയമ പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് 15.01.2024 ന് ചേർന്ന ഡി.എൽ.എഫ്.സി. യോഗത്തിൽ ജില്ലാ കലക്ടർ പഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും സ്ഥലം ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ